# കേരള സർവകലാശാല

നം. പി.ആർ.092/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എൽ.എൽ.ബി ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ രണ്ട്, നാല് സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സരം - 2011-12-ന് മുമ്പുള്ള അഡ്മിഷനുകൾ) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 20 വരെ അപേക്ഷിക്കാം.

### ഡിഗ്രി മേഴ്സി ചാൻസ് അനുവദിച്ചു

കേരള സർവകലാശാല ഒന്ന്, മൂന്ന്, അഞ്ച് സെമസ്റ്റർ ബി.എ, ബി.എസ്സി, ബി.കോം, ബി.ബി.എ, ബി.കോം (ത്രീമെയിൻ), ബി.സി.എ റീസ്ട്രക്ച്ചേർഡ്, വൊക്കേഷണൽ കോഴ്സുകൾക്ക് മേഴ്സി ചാൻസ് പരീക്ഷ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. വിശദവിവരങ്ങൾക്ക് അതത് കോളേജ്/ യു.ഐ.ടി പ്രിൻസിപ്പലുമായി ബന്ധപ്പെടുക.

### എം.സി.എ പ്രാക്ടിക്കൽ

കേരള സർവകലാശാല ജൂൺ ആറിന് തുടങ്ങുന്ന അഞ്ചാം സെമസ്റ്റർ എം.സി.എ (മിനി പ്രോജക്ട് - റഗുലർ & സപ്ലിമെന്ററി - 2011 സ്കീം) പരീക്ഷയുടെ പ്രാക്ടിക്കൽ ടൈംടേബിൾ വെബ്സൈറ്റിലും (www.keralauniversity.ac.in) അതത് കോളേജുകളിലും ലഭിക്കും.

### ഹെൽത്ത് ആൻഡ് സാനിട്ടേഷൻ ഫലം

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം മാർച്ചിൽ നടത്തിയ സർട്ടിഫിക്കറ്റ് ഇൻ ഹെൽത്ത് ആൻഡ് സാനിട്ടേഷൻ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. ഷൈലജ എസ് (രജി.നം 10157) ഒന്നാം റാങ്ക് നേടി.

### സീറ്റൊഴിവ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കൗൺസലിംഗ് സൈക്കോളജി കോഴ്സിന് സീറ്റൊഴിവുണ്ട്. യോഗ്യത: ബിരുദം. ഫീസ് 16500/- രൂപ. കാലാവധി ഒരു വർഷം. ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ നടത്തും. പ്രായപരിധിയില്ല. ക്ലാസുകൾ ജൂൺ 11 രാവിലെ 10 മണിക്ക് തുടങ്ങും. താൽപര്യമുള്ളവർ പി.എം.ജിയിലെ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ. 0471-2302523.

### റിസർച്ച് അസോസിയേറ്റ്/ജൂനിയർ റിസർച്ച് ഫെലോ ഒഴിവ്

കേരള സവകലാശാല കാര്യവട്ടം ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാച്വറൽ റിസോഴ്സസ് മാനേജ്മെന്റിൽ റിസർച്ച് അസോസിയേറ്റ്, ജൂനിയർ റിസർച്ച് ഫെലോ ഒഴിവുകളിലേക്ക് താൽക്കാലിക നിയമനത്തിന് വാക് ഇൻ-ഇന്റർവ്യൂ ജൂൺ ഒമ്പത് രാവിലെ 11

മണിക്ക് വകുപ്പിൽ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) **Job Notifications** എന്ന ലിങ്കിൽ ലഭിക്കും.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
02.06.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,



സെക്ഷൻ ഓഫീസർ

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**